പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4576

20-10-2011-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ വിവിധ കടങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി.ജോർജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) മത്സ്യത്തൊഴിലാളികളുടെ വിവിധ കടങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ; | എ) 2008-ലെ കേരള മത്സ്യത്തൊഴിലാളി കമ്മീഷൻ നിയമത്തിലെ വിവിധ വകുപ്പുകൾ അനുസരിച്ച് അപേക്ഷകരായ മത്സ്യത്തൊഴിലാളികളുടെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും ആവശ്യമുള്ള പക്ഷം കൂടിക്കാഴ്ച നടത്തിയുമാണ് കടാശ്വാസത്തിനായി അവരുടെ അർഹത നിശ്ചയിക്കുന്നത്. കടാശ്വാസത്തിനായി മത്സ്യത്തൊഴിലാളികൾ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് 31-12-2007 വരെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളിന്മേൽ കടാശ്വാസത്തിനായി സർക്കാരിലേക്ക് ശുപാർശ ചെയ്യുന്ന നടപടികളാണ് കടാശ്വാസ കമ്മീഷൻ ചെയ്യുന്നത്. കടാശ്വാസ കമ്മീഷൻ നിയമപ്രകാരം ശുപാർശ ചെയ്യുന്ന പരമാവധി തുക 75,000/- രൂപ വരെയായി നിജപ്പെടുത്തിയിട്ടുണ്ട്. |
| ബി)മത്സ്യത്തൊഴിലാളികൾ ജീവനോപാധിയ്ക്കായി എടുത്തിട്ടുള്ള ലോൺ കുടിശ്ശികകൾ വരെ ജപ്തി നടപടി ആകുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിന് ഇനിയും സമയം വേണ്ടി വരുമെന്നതിനാൽ മത്സ്യത്തൊഴിലാളികൾ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും 31.12.2007 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സാ ചെലവുകൾ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് നേടിയിട്ടുള്ള വായ്പകളിന്മേൽ തുടങ്ങി വച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി |

| | |
|---|---|
| | നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് പ്രഖ്യാപിച്ചിട്ടുള്ള മോറട്ടോറിയത്തിൻെറ കാലാവധി 31.03.2012 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ? | സി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിൻെറ ആവശ്യം ഉള്ളതായി കാണുന്നില്ല.<br><br>സെക്ഷൻ ഓഫീസർ |